## സങ്കീർത്തനം 23 ഒരു പഠനം... തുടരുന്നു...

ഇടയന്റെ ശബ്ദം തിരിച്ചറിയാൻ പ്രാർത്ഥനയോടെ ശ്രദ്ധിച്ചാൽ മതി, പരിശുദ്ധാത്മാവ് സഹായിക്കും. ആ ശബ്ദം തിരിച്ചറിയാതെ മുന്നോട്ടു പോകുവാൻ ഒരു ദൈവപൈതലിനും കഴിയുകയില്ല. അതിനാൽ ഊഹിച്ചു മുന്നോട്ടു പോകാതെ, സത്യത്തെ അറിഞ്ഞു മുന്നോട്ടു പോകുക. സാത്താന്റെ ശബ്ദം തിരിച്ചറിഞ്ഞ് അപകടത്തിൽ നിന്ന് ഒഴിഞ്ഞുപോകുവാനും യേശുവിന്റെ ശബ്ദം തിരിച്ചറിഞ്ഞ് അതിലൂടെ മുന്നാട്ടു പോകുവാനും കർത്താവ് നമ്മെ സഹായിക്കും.

ഒരിക്കൽ രണ്ട് പൈതങ്ങൾ വീടിന്റെ മുററത്തു കളിക്കുകയായിരുന്നു. ഒരാൾ വന്ന് അവരോട് ചോദിച്ചു 'അമ്മ ഇവിടെയുണ്ടോ?' അതിനു ഉത്തരമായി 'അമ്മ മുകളിലുള്ള മുറിയിലുണ്ട്' എന്നു പറഞ്ഞു. ' അമ്മ അവിടെയുണ്ടെന്ന് നിങ്ങൾക്ക് എങ്ങനെ അറിയാം ' എന്ന ചോദ്യത്തിന്, അല്പം മുൻപും അമ്മയുടെ ശബ്ദം ഞങ്ങൾ കേട്ടു എന്ന് അവർ ഉത്തരം പറഞ്ഞു. നമ്മുടെ യേശു ജീവിക്കുന്നു എന്നും നമ്മുടെ മുൻപേ പോകുന്നു എന്നും നമുക്ക് അറിയാം. അവന്റെ ശബ്ദം കേൾക്കുന്നതിനാൽ, അവന്റെ ശബ്ദം കേട്ട് മുൻപോട്ടുള്ള യാത്ര ക്രമീകരിക്കണം.

ആടുകൾ ഇടയനെ അനുഗമിക്കുന്നു. വിശുദ്ധ യോഹന്നാന്റെ സുവിശേഷം 10:4 തന്റെ ആടുകളെ ഇടയൻ പേർ ചൊല്ലി വിളിച്ചു പുറത്തുകൊണ്ടുപോകുന്നു. തനിക്കുള്ളവയെ ഒക്കെയും പുറത്തുകൊണ്ടു പോയതിനു ശേഷം അവൻ അവയ്ക്കു മുൻപായി നടക്കുന്നു. ആടുകൾ അവന്റെ ശബ്ദം അറിഞ്ഞ് അവനെ അനുഗമിക്കുന്നു. ഇവിടെ ഇടയൻ രണ്ട് കാര്യങ്ങൾ ചെയ്യുന്നതായി കാണാം. ആടുകൾ രണ്ട് കാര്യങ്ങൾ ചെയ്യണമെന്നും ഇടയൻ പ്രതീക്ഷിക്കുകയും ചെയ്യുന്നു. ഇടയൻ ആടുകളെ പുറത്തുകൊണ്ടുപോകുന്നു എന്നതാണ് ഒന്നാമതു ചെയ്യുന്നത്. രണ്ടാമതായി, അവൻ തന്റെ ആടുകൾക്ക് മുൻപായി നടക്കുന്നു. നമ്മുടെ ജീവിതയാത്രയിൽ യേശുക്രിസ്തുവിന്റെ സാന്നിധ്യം ഉറപ്പാക്കണം, അവൻ മുൻപേ നടന്ന് നമ്മെ വഴി നടത്തുന്നു എന്ന് തീർച്ചയാക്കി, അവന്റെ ശബ്ദം തിരിച്ചറിഞ്ഞ് മുന്നോട്ടു സഞ്ചരിക്കാം.

തുടരും....